**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **08-12-2022 - ൽ മറുപടിയ്ക്ക്**

**സ്കോൾ - കേരള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2015 ജൂലൈ 30- ന് പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിലൂടെ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പുനർസംഘടിപ്പിച്ച്, പൊതുവിദ്യാഭ്യാസ മന്ത്രി ചെയർമാനായി രൂപവത്കരിച്ച സ്കോൾ - കേരള എന്ന സ്ഥാപനത്തെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ വിവരാവകാശ നിയമത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണ് ഒഴിവാക്കിയതെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. 2005 വിവരാവകാശനിയമം വകുപ്പ് 2 (h) ന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനമല്ലാത്തതിനാലാണ് പ്രസ്തുത സ്ഥാപനത്തിനെ വിവരാവകാശ നിയമപരിധിയിൽ നിന്ന് ഒഴിവാക്കിയത്. |
| (ബി) | സ്കോൾ - കേരള വൈസ് ചെയർമാനെയും എക്സിക്യൂട്ടീവ് ഡയറക്ടറെയും നിയമിക്കുന്നത് ആരാണെന്ന് അറിയിക്കാമോ; നിലവിലുള്ള വൈസ് ചെയർമാനെ നിയമിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | **സ്കോൾ – കേരളയുടെ ചട്ടം IX അനുസരിച്ച് ജനറൽ കൗൺസി ലിന്റെ ശിപാർശ പ്രകാരം സർക്കാർ സെലക്ട് കമ്മിറ്റി രൂപീകരിക്കുന്നു. ഈ സെലക്ട് കമ്മിറ്റി നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ ജനറൽ കൗൺസിൽ തീരുമാനം എടുക്കുകയും അതിൻ പ്രകാരം സ്കോൾ കേരളയുടെ ചെയർമാൻ വൈസ് ചെയർമാനെ നിയമി ക്കുകയും ചെയ്യുന്നു. നിലവിലുള്ള വൈസ് ചെയർമാന്റെ നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധം (1) ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.**<br><br>**സ്കോൾ – കേരളയുടെ ചട്ടം IX അനുസരിച്ച് ജനറൽ കൗൺസി ലിന്റെ ശിപാർശ പ്രകാരം സർക്കാർ ഒരു സെലക്ട് കമ്മിറ്റി രൂപീകരി ക്കുന്നു. ഈ സെലക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജനറൽ കൗൺസിൽ തീരുമാനം എടുക്കുകയും അതിൻ പ്രകാരം സ്കോൾ കേരളയുടെ വൈസ് ചെയർമാൻ എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കുകയും ചെയ്യുന്നു.** |
| (സി) | സ്കോൾ - കേരള വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനമല്ലെന്ന് വ്യക്തമാക്കി എക്സിക്യൂട്ടീവ് ഡയറക്ടർ പബ്ലിക് നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | **ഉണ്ട്. പകർപ്പ് അനുബന്ധം (2)-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

File No.A1/3137/2020/S.K.

SCOLE KERALA

# സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ്‌ലോംങ് എജ്യൂക്കേഷൻ - കേരള

തിരുവനന്തപുരം - 12

## സ്കോൾ-കേരള ചെയർമാന്റെ നടപടിക്രമം

സംഗ്രഹം

സ്കോൾ-കേരള - വൈസ് ചെയർമാനായി ഡോ. പ്രമോദ് പി.-യെ നിയമിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സ്കോൾ-കേരള

തീയതി: 01/10/2020

ഉത്തരവ് നം. 391/2020/സ്കോൾ-കേരള

സൂചന:
(1) 30.07.2015-ലെ, സർക്കാർ ഉത്തരവ്, സ.ഉ.(എം.എസ്)നം.206/2015/പൊ.വി.വ.
(2) 17.01.2020-ലെ, സർക്കാർ ഉത്തരവ്, സ.ഉ.(സാധാ)നം.307/2020/പൊ.വി.വ.
(3) സെലക്ട് കമ്മിറ്റിയുടെ 26.08.20-ലെ യോഗത്തിന്റെ മിനിട്ട്സ്.
(4) 23.09.2020-ൽ ചേർന്ന, സ്കോൾ-കേരള ജനറൽ കൗൺസിൽ, നാലാമത് യോഗതീരുമാനം, ഇനം നം.16

## ഉത്തരവ്

സ്കോൾ-കേരളയുടെ ചട്ടം, IV (1) പ്രകാരം, സ്കോൾ-കേരളയുടെ വൈസ് ചെയർമാനെ,
ഈ ആവശ്യത്തിലേക്കായി രൂപീകരിച്ച സെലക്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം സ്കോൾ-കേരള
ചെയർമാനാണ് നിയമിക്കേണ്ടത്.

2) സ്കോൾ-കേരളയുടെ വൈസ് ചെയർമാനെ തെരഞ്ഞെടുക്കാൻ സൂചന (2) പ്രകാരം രൂപീക
രിച്ച സെലക്ട് കമ്മിറ്റി, സൂചന (3) പ്രകാരം അതിന്റെ ശുപാർശകൾ സമർപ്പിച്ചു. 2020, സെപ്തംബർ
23-ന് ചേർന്ന, സ്കോൾ-കേരളയുടെ നാലാമത് ജനറൽ കൗൺസിൽ യോഗം സെലക്ട് കമ്മിറ്റിയുടെ
ശുപാർശകൾ പരിഗണിച്ച്, അംഗീകരിച്ചു. സെലക്ട് കമ്മിറ്റി സമർപ്പിച്ച പട്ടികയിലെ ഒന്നാമനായ ഡോ.
പ്രമോദ് പി. യെ, (HSST, Hindi, D.B.H.S.S., Thakazhi, Alappuzha ഇപ്പോൾ ഡെപ്യൂട്ടേഷനിൽ സമഗ്ര
ശിക്ഷ-കേരളയിലെ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ) സ്കോൾ-കേരളയുടെ വൈസ് ചെയർമാനായി നിയ
മിക്കാൻ തീരുമാനിച്ചു.

3) ഈ സാഹചര്യത്തിൽ സ്കോൾ-കേരളയുടെ വൈസ് ചെയർമാനായി ഡോ. പ്രമോദ് പി-യെ,
നിയമിക്കുന്നു.

4) സ്കോൾ-കേരളയുടെ ചട്ടങ്ങൾക്ക് വിധേയമായി, അദ്ദേഹം വൈസ് ചെയർമാനായി ചുമ
തലയേൽക്കുന്ന തീയതി മുതൽ നാല് വർഷം ആയിരിക്കും നിയമന കാലാവധി. അദ്ദേഹത്തിന്റെ സേവന
വേതന വ്യവസ്ഥകൾ ഡെപ്യൂട്ടേഷൻ നിയമനത്തിന് നിശ്ചയിക്കുന്ന സേവന വേതന വ്യവസ്ഥകൾ
ആയിരിക്കും.

5) ഡോ. പ്രമോദ് പി.-ക്ക് സർക്കാർ ജീവനക്കാർക്ക് ബാധകമായ നിയമന, സേവന വേതന വ്യവ
സ്ഥകൾ ആയതുകൊണ്ട് അദ്ദേഹത്തെ സ്കോൾ-കേരളയുടെ വൈസ് ചെയർമാനായി ചുമതല ഏൽക്കാൻ
അനുമതി നൽകികൊണ്ടും സേവന വേതന വ്യവസ്ഥകൾ ഡെപ്യൂട്ടേഷൻ നിയമനത്തിന് നിശ്ചയിക്കുന്ന
സേവന വേതന വ്യവസ്ഥകൾ ആയിരിക്കുമെന്ന് കാണിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാ
രിനോട് ശുപാർശ ചെയ്യുന്നു.

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA
Vidhya Bhavan
Poojappura
Thiruvananthapurm
695012

ചെയർമാന്റെ ഉത്തരവിൻപ്രകാരം

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻ-ചാർജ്ജ്

സ്വീകർത്താവ്,

1. ഡോ. പ്രമോദ് പി.
HSST, Hindi, D.B.H.S.S., Thakazhi, Alappuzha &
State Programe Officer, In Smagra Shiksha-Kerala (on deputation)

2. സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ്

പകർപ്പ്

സെക്രട്ടറി, സ്കോൾ-കേരള
എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എ.

൧

അനുബന്ധം - 2

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 342950, 2342271, 2342369, email : scolekerala@gmail.com, info@scolekerala.org, web:www. scolekerala.org

നമ്പർ. എ1/4642/18/സ്കോൾ-കേരള

തീയതി: 29/08/2018

# പബ്ലിക് നോട്ടീസ്

പരാമർശം: സ്കോൾ-കേരള സ്റ്റാന്റിംഗ് കൗൺസലിന്റെ 20.08.2018-ലെ നിയമോപദേശം

സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എജ്യൂക്കേഷൻ - കേരള (സ്കോൾ -കേരള) 2005-ലെ വിവരാവകാശ നിയമം വകുപ്പ് 2 (h) ന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനമല്ലെന്ന വിവരം എല്ലാ പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ

നോട്ടീസ് ബോർഡ്
വെബ്സൈറ്റ്